"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - 2026-27 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് Enterprise Resource Planning (ERP) പദ്ധതിയ്ക്കായി 4408-01-101-93 (PV) എന്ന ശീർഷകത്തിൽ 1.2348069 കോടി രൂപ (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തിയെട്ടായിരത്തി അറുപത്തിയൊൻപത് രൂപ മാത്രം) അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.135/2026/F&CS തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.80/2025/F&CS തീയതി 21/03/2025.

2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 18/12/2025 തീയതിയിലെ CCS/8508/2024-H3 നമ്പർ കത്ത്.

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് Enterprise Resource Planning (ERP) പദ്ധതിയ്ക്കായി 4408-01-101-93 (PV) എന്ന ശീർഷത്തിൽ 1.2348069 കോടി രൂപ (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി നാൽപത്തിയെട്ടായിരത്തി അറുപത്തിയൊൻപത് രൂപ മാത്രം) അനുവദിച്ചു നല്കുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് Enterprise Resource Planning (ERP) പദ്ധതിയ്ക്കായി 4408-01-101-93 (PV) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1.2348069 കോടി രൂപ (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തയെട്ടായിരത്തി അറുപത്തിയൊൻപത് രൂപ മാത്രം) സാധാരണ ഫണ്ട് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്തു നൽകുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. ഫണ്ട് ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

2.ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും വകമാറ്റി ചെലവഴിക്കാൻ പാടില്ല.

3. ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും നിശ്ചിത പെർഫോമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും (As per GO(Ms) No.4/2020-Fin dated 09/01/2020) അടുത്ത റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. 09/12/2008 തീയതിയിലെ സർക്കുലർ നം. 84/2008/ധന, 29/08/2009 തീയതിയിലെ സർക്കുലർ നം.75/2009/ധന, 30/01/2018 തീയതിയിലെ സർക്കുലർ നം. 08/2018/ധന, 04.01.2021

തീയതിയിലെ സർക്കുലർ നം. 01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ(പി.യു-ബി) വകുപ്പ്(3481903/പി.യു-ബി2/46/2026-ധന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (ഫയൽ നം. സി2/115/2024-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by Veena V
Date: 16-06-2026 10:25:07
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്